പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 932 — 20/03/2013-ൽ മറുപടിക്ക്

## മാതൃകാ പട്ടികവർഗ്ഗ കോളനികൾ

ചോദ്യം — മറുപടി

ശ്രീ. പി.കെ.ബഷീർ :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് മാതൃകാ പട്ടികവർഗ്ഗ കോളനികൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. പ്രാരംഭ ഘട്ടമായി കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കുഞ്ഞോം, വാകേരി, കാരാപ്പുഴ (പരൂർകുന്ന്) എന്നീ അഞ്ചു പട്ടികവർഗ്ഗ കോളനികളെയാണ് മാതൃകാ പട്ടികവർഗ്ഗ കോളനികളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഓരോ മാതൃകാ കോളനിയിലും പരമാവധി 25 കുടുംബങ്ങളുടെ പുനരധിവാസത്തിനായി വാസയോഗ്യമായ വീട്, കോളനിയിലേയ്ക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടി വെള്ളം, കൃഷിഫാം, കമ്മ്യൂണിറ്റി ഹാൾ, ബയോ ഗ്യാസ് പ്ലാന്റ് തുടങ്ങി എല്ലാ പശ്ചാത്തലങ്ങളോടു കൂടിയ സ്വയം പര്യാപ്തമായ കോളനികൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ മാതൃകാകോളനിയിലും വീട് ഒന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ 25 വീടുകൾ വീതം കുറ്റമറ്റ രീതിയിൽ നിർമ്മിക്കുന്നതിന് 6,65,00,000/-രൂപ (ആറ് കോടി അറുപത്തിയഞ്ചു ലക്ഷം രൂപ) കേരള പോലീസ് ഹൗസിംഗ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ